# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 436 04.06.2018 — ൽ മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയതിനെ തുടർന്നുള്ള റേഷൻ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>,, പി.കെ.അബ്ദു റബ്ബ്<br>,, എൻ. ഷംസുദ്ദീൻ<br>,, അബ്ദുൽ ഹമീദ് പി. : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ഭക്ഷ്യസുരക്ഷ നിയമം നടപ്പാക്കിയതോടെ റേഷൻ വിതരണം ഫലപ്രദമല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയതോടെ റേഷൻ വിതരണം ഫലപ്രദമായി തന്നെയാണ് നടക്കുന്നത്. |
| (ബി) മുൻപ് നിലനിന്നിരുന്നതു പോലെ ആളോഹരി ഭക്ഷ്യധാന്യം നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എ.എ.വൈ. വിഭാഗങ്ങൾക്ക് പ്രതിമാസം ഒരു കാർഡിന് 35 കി.ഗ്രാം ഭക്ഷ്യധാന്യവും എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗത്തിന് ഒരാൾക്ക് 5 കി.ഗ്രാം വീതവും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നുണ്ട്. മുൻഗണനേതര വിഭാഗത്തിനുള്ള വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.പി.മാരുടെ യോഗത്തിലും ഗവർണ്ണർമാരുടെ യോഗത്തിലും, കേന്ദ്ര ഭക്ഷ്യ പൊതുവിതരണ സെക്രട്ടറി സംസ്ഥാനം സന്ദർശിച്ചപ്പോഴും നിവേദനങ്ങൾ നൽകിയിരുന്നു. എന്നാൽ കേന്ദ്രം അനുകൂലമായ നടപടികൾ ആയതിന്മേൽ |

| | |
|---|---|
| | സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് 15.05.2018-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വ കക്ഷിയോഗം ചേരുകയും ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച് നൽകുന്നതിനായി കേന്ദ്രസർക്കാരിന് നിവേദനം നൽകുവാൻ സർവ്വകക്ഷി സംഘത്തെ അയയ്ക്കുവാൻ തീരുമാനിച്ചിട്ടുമുണ്ട്. |
| (സി) ഇപ്പോൾ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) യും (ഡി) യും സപ്ലൈകോ വഴി വിതരണം നടത്തുന്ന 14 ഇനം അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണത്തിനായി എ.എ.വൈ. ഒഴികെയുള്ള വിഭാഗങ്ങളിൽ നിന്ന് മാത്രം കൈകാര്യ ചിലവായി കിലോഗ്രാമിന് ഒരു രൂപ വീതം അധികം ഈടാക്കുന്നുണ്ട്. |
| (ഡി) അഞ്ചു വർഷത്തേക്ക് വില വർദ്ധിപ്പിക്കില്ല എന്ന നയത്തിനു വിരുദ്ധമായി വരുത്തിയ ഈ വർദ്ധനവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ